പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1569 | 31-01-2018-ലെ മറുപടിയ്ക്ക്

## ജൈവവളങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജൈവവളം കച്ചവടം ചെയ്യുന്ന കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് പദ്ധതിയുണ്ടോ; ഇതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) ഉണ്ട്. മൊത്തവ്യാപാര ലൈസൻസിന് 450 രൂപയും ചില്ലറ വ്യാപാര ലൈസൻസിന് 38 രൂപയും ഫീസ് അടയ്ക്കണം. ജൈവവള ഉല്പാദകർ ജൈവവള സാമ്പിൾ അംഗീകൃത ലബോറട്ടറിയിൽ പരിശോധിച്ചതിന്റെ ഫലം വിതരണത്തിനുള്ള അപേക്ഷയോടൊപ്പം നൽകണം. ഇത് രാസവള നിയന്ത്രണ ഉത്തരവ് (FCO) - 1985 അനുശാസിക്കുന്ന ജൈവവളത്തിന്റെ സ്പെസിഫിക്കേഷൻ പ്രകാരമാണെങ്കിൽ മാത്രമേ ലൈസൻസ് നൽകുകയുള്ളൂ. ചില്ലറ വ്യാപാരികൾ മൊത്തവ്യാപാരി നൽകുന്ന 'O' ഫോം സമർപ്പിക്കണം. ഇവ കൂടാതെ കൃഷി ഉദ്യോഗസ്ഥർ നൽകുന്ന കെട്ടിട അനുയോജ്യതാ സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസ് എന്നിവയും നൽകണം. |
| (ബി) ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംസ്ഥാനത്ത് സംവിധാനങ്ങളുണ്ടോ; വിശദീകരിക്കുമോ; | (ബി) കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ചുമതല കൃഷി വകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് നിലവിലില്ലാത്തതിനാൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തെയാണ് നാളിതുവരെ ഗുണനിലവാര പരിശോധനയ്ക്കായി ആശ്രയിച്ചു വന്നിരുന്നത്. എന്നാൽ ഇപ്പോൾ സംസ്ഥാന കൃഷി |

വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പ്രവർത്തിച്ചുവരുന്ന രാസവള ഗുണനിലവാര പരിശോധനശാലയോടു ചേർന്ന് ബയോഫെർട്ടിലൈസർ ആന്റ് ഓർഗാനിക് മാന്വർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി (BOQCL) എന്ന പേരിൽ ഒരു ജൈവവള ഗുണനിലവാര പരിശോധനശാലയുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ തുടങ്ങുവാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) ജൈവവളങ്ങളുടെ വിപണന കേന്ദ്രങ്ങളിൽ ജീവനക്കാരാകുന്നതിന് പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

(സി) ഉണ്ട്. രാസവള നിയന്ത്രണ ഉത്തരവ് (FCO)-1985 പ്രകാരം ചില്ലറ വ്യാപാരത്തിനുള്ള അപേക്ഷകന് താഴെപ്പറയുന്ന ഏതെങ്കിലും യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.

1) കൃഷി ശാസ്ത്രത്തിൽ ബിരുദം
2) രസതന്ത്രം പ്രധാന വിഷയമായിട്ടുള്ള ബിരുദം
3) കൃഷി ശാസ്ത്രത്തിൽ ഡിപ്ലോമ
4) ദേശീയ സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് (MANAGE), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NPHM), മറ്റ് സർക്കാർ അംഗീകൃത ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇവയിലേതിലെങ്കിലും നിന്നും കൃഷി വിഷയത്തിൽ ആറ് മാസത്തിൽ കുറയാത്ത സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിരിക്കണം. രജിസ്റ്റേർഡ് കാർഷിക സഹകരണ സംഘങ്ങൾക്കും സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനും ഈ വ്യവസ്ഥ ബാധകമല്ല. മേൽപ്പറഞ്ഞ യോഗ്യത ഉള്ള വ്യക്തിയെ ഏർപ്പെടുത്തിയാൽ മതി.

**സെക്ഷൻ ഓഫീസർ**